5/5/2022

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001
Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

## ഹർജി നമ്പർ AP.No.436(5)/2020/SIC

## തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം

## File No. 2682/SIC-G7/2020

സന്നിഹിത

ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി :. .04.2022

ശ്രീമതി മാലതി എം.ആർ,
പരയത്ത് ഹൗസ്, എടത്തല പി.ഒ,
പൂക്കാട്ടുപടി – 683 561. } അപ്പീൽ ഹർജിക്കാരി

Vs

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കളക്ട്രേറ്റ്, എറണാകുളം.

2. അപ്പീൽ അധികാരി ,
കളക്ട്രേറ്റ്, എറണാകുളം.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ തീയതി | 27.11.2019 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | Nil |
| ഒന്നാം അപ്പീൽ | 22.01.2020 |
| അപ്പീൽ അധികാരിയുടെ തീരുമാനം | Nil |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 22.01.2020 |
| ഹിയറിംഗ് തീയതി, | 29.09.2021 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, തർക്ക ഓടയുടെ സമീപത്തേയ്ക്ക് പി.വി.സി.പൈപ്പ് വഴി വെള്ളം വിടുന്നത് സംബന്ധിച്ചുള്ള വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭിക്കാത്തതിനെ തുടർന്നാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചു. നേർവിചാരണയിൽ പങ്കെടുത്ത എസ്.പി.ഐ.ഒ കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയും റിപ്പോർട്ട് സമർപ്പിക്കുകയും ഉണ്ടായി.

2. അപ്പീൽ ഹർജിക്കാരി 27.11.2019 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ 04.10.2020 ൽ വക്കീൽ മുഖാന്തിരം ആവശ്യപ്പെട്ട വിവരങ്ങൾ ആയിരുന്നുവെന്നും ആയതിനാൽ അപേക്ഷയുടെ വിവരങ്ങൾ

D/C

കണ്ടെത്തുന്നതിന് അപേക്ഷ സമർപ്പിച്ച വക്കീലിന്റെ പേരോ മറ്റ് വിവരങ്ങളോ സമർപ്പിക്കുവാൻ ആവശ്യപ്പെട്ട് 02.12.2019 ൽ എസ്.പി.ഐ.ഒ മറുപടി നൽകിയെന്നും തുടർന്ന് ഒന്നാം അപ്പീൽ സമർപ്പിച്ചിരുന്നുവെന്നും ഒന്നാം അപ്പീൽ വിചാരണയിൽ അപ്പീൽ അധികാരി ടിയാരി ആവശ്യപ്പെട്ട വിവരങ്ങൾ നേരിട്ട് നൽകുവാൻ തയ്യാറായിരുന്നുവെങ്കിലും പ്രസ്തുത രേഖകൾ വക്കീൽ പറഞ്ഞാൽ മാത്രമേ വാങ്ങുവാൻ കഴിയുകയുള്ളൂവെന്നും രേഖകൾ നേരിട്ട് വാങ്ങാതെ നിരസിച്ചുവെന്നും തപാൽ മുഖാന്തിരം അയച്ച് നൽകിയാൽ മതിയാകുമെന്ന് അറിയിച്ചുവെന്നും തുടർന്ന് അപ്പീൽ ഉത്തരവും അപ്പീൽവാദി ആവശ്യപ്പെട്ട വിവരാവകാശ അപേക്ഷയുടെ മറുപടിയും 03.03.2020 ന് രജിസ്റ്റേർഡ് തപാലിൽ അയച്ചു നൽകുകയും ചെയ്തുയെന്നാണ് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്.

3. അപ്പീൽ ഹർജിയും, എതിർകക്ഷിയുടെ മൊഴിയും റിപ്പോർട്ടും കമ്മീഷൻ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, 27.11.2019 ലെ വിവരാവകാശ അപേക്ഷയ്ക്കും 22.01.2020 ലെ ഒന്നാം അപ്പീലിനും ഒന്നും രണ്ടും എതിർകക്ഷികൾ മറുപടി നൽകിയിട്ടുള്ളതായി കമ്മീഷന് ബോദ്ധ്യപ്പെട്ടു. എന്നാൽ പ്രസ്തുത മറുപടികൾ അപ്പീൽവാദിയ്ക്ക് ലഭ്യമായില്ലെന്നാണ് ടിയാരി അറിയിക്കുന്നത്. ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ നൽകിയ മൊഴിയിൽ നിന്നും വ്യക്തമാകുന്നത്, അപ്പീൽവാദി ആവശ്യപ്പെട്ട വിവരം 03.03.2020 ൽ അയച്ചു നൽകി എന്നാണ്. എന്നാൽ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ഈ ഉത്തരവ് കിട്ടി 10 ദിവസത്തിനുള്ളിൽ സൗജന്യമായി വിവരം നൽകേണ്ടതാണെന്ന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകുന്നു. കമ്മീഷൻ നിർദ്ദേശം നടപ്പിലാക്കി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുമ്പോൾ കുറേകൂടി ജാഗ്രത പുലർത്തേണ്ടതാണെന്ന് എസ്.പി.ഐ.ഒ.യ്ക്ക് നിർദ്ദേശം നൽകിക്കൊണ്ട് ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഏപ്രിൽ മാസം 11 –ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)

ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി
Jn